**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2394** **12-12-2022 - ൽ മറുപടിയ്ക്ക്**

**അംഗൻവാടി വർക്കർ ക്ഷേമനിധി പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അംഗൻവാടി വർക്കർ ക്ഷേമനിധി പെൻഷൻ അപേക്ഷകൾ ദീർഘകാലമായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആറ് മാസത്തിലധികമായി കെട്ടിക്കിടക്കുന്ന എത്ര അപേക്ഷകളുണ്ടെന്നും പ്രസ്തുത അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിനുള്ള തടസ്സമെന്താണെന്നും വ്യക്തമാക്കാമോ? | (എ) | (എ) 2022 ഏപ്രിൽ 30 ന് വിരമിച്ച 1915 അങ്കണവാടി വർക്കർ/ഹെൽപ്പർമാരിൽ 952 പേർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. 253 അങ്കണവാടി വർക്കർ/ഹെൽപ്പർമാരുടെ പെൻഷൻ അപേക്ഷകളുടെ പ്രോസസ്സിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 710 പേരുടെ പെൻഷൻ അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. അപേക്ഷകരിലുണ്ടായ വർദ്ധനവ് മൂലമാണ് സമയബന്ധിതമായി നടപടി പൂർത്തീകരിക്കാൻ സാധിക്കാതെ വന്നിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ